महालेखाकार (ले व ह) केरल का कार्यालय, तिरुवनन्तपुरम-695 001
OFFICE OF THE ACCOUNTANT GENERAL (A&E), KERALA,
THIRUVANANTHAPURAM - 695 001

सत्यमेव जयते

P19/II/INW-007/2019-20 01/07/2019

To

All District/Sub Treasury Officers/Banks.

Sir,

Sub: Standing orders for the production of yearly Life Certificate in r/o Central Govt. Pensioners who are permanently residing abroad extended to Kerala State Pensioners permanently residing abroad.

Ref: 1.G.O(P) No.33/19/Fin , dated: 19/03/2019 from the Department of Finance, Government of Kerala.

I am to enclose herewith the copy of G.O received from the department of Finance, Government of Kerala regarding production of yearly Life Certificate in respect of Central Govt. Pensioners who are permanently residing abroad extended to Kerala State Pensioners who are permanently residing abroad. The same is being placed in the official website of this office **(www.agker.cag.gov.in)** under the link ***"DR and related orders of kerala state"***. A copy of this letter may be exhibited on the notice board of the treasury.

Yours Faithfully

1/7/19

Accounts Officer

Copy to:-

The Director of Treasuries
Thiruvananthapuram.

Accounts Officer

ई-मेल /Email: agaekerala@cag.gov.in फैक्स /Fax: 0471-2330242 टेलिफोन /Telephone: 0471-2776100
वेबसाइट /Website: http://www.agker.cag.gov.in

P19/II/Inw/7
30/04/2019

D.No 2/16/... 24/4/19

19085 11.4

**കേരള സർക്കാർ**

സംഗ്രഹം

വിദേശത്തു സ്ഥിര താമസമാക്കിയ സേവന പെൻഷൻകാർക്ക് നേരിട്ടു ഹാജരാകാതെ തന്നെ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(പി) നമ്പർ.33/19/ധന.** **തീയതി, തിരുവനന്തപുരം, 19.03.2019.**

---

പരാമർശം :- (1) 30.01.2015 – ലെ കേന്ദ്ര സർക്കാരിന്റെ CPA/TECH/Life Certificate/2014-15 – ാം നമ്പർ ഓഫീസ് മെമ്മോറാണ്ടം.

(2) ട്രഷറി ഡയറക്ടറുടെ 02.02.2019 – ലെ പിംസ്/പി3/25597/2018 - ാം നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന സർവ്വീസ് പെൻഷൻകാരുടെ പെൻഷൻ വിതരണത്തിനായി കേരള ട്രഷറി കോഡ് വാല്യം 1, ചട്ടം 287 പ്രകാരം വാർഷിക മസ്റ്ററിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. പെൻഷൻകാർ നേരിട്ട് ഹാജരായോ, കേരള ട്രഷറി കോഡ് ചട്ടം 280 (എ) പ്രകാരം പെൻഷൻകാർക്ക് നേരിട്ട് ഹാജരാകാതെ തന്നെ ഒരു ഗസറ്റഡ് ഓഫീസർ, വില്ലേജ് ഓഫീസർ, സബ് രജിസ്ട്രാർ, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, എക്സിക്യൂട്ടീവ് ഓഫീസർ ഓഫ് പഞ്ചായത്ത് എന്നിവരിൽ ആരെങ്കിലും ഒരാൾ നൽകുന്ന വാർഷിക ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയോ മസ്റ്ററിംഗ് നടത്താവുന്നതാണ്. എന്നാൽ, വിദേശത്ത് സ്ഥിര താമസമാക്കിയ സംസ്ഥാന സർവ്വീസ് പെൻഷൻകാർക്ക് വാർഷിക ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതു സംബന്ധിച്ച് വ്യവസ്ഥകൾ ഒന്നും തന്നെയില്ല.

പരാമർശം (1) – ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം വിദേശത്ത് താമസമാക്കിയ കേന്ദ്ര സർവ്വീസ് പെൻഷൻകാർക്ക് നേരിട്ട് ഹാജരാകാതെ തന്നെ അവർ നിയോഗിക്കുന്ന അംഗീകൃത ഏജന്റ് ഹാജരാക്കുന്ന മജിസ്ട്രേറ്റ്, നോട്ടറി, ബാങ്കർ, നയതന്ത്ര പ്രതിനിധി എന്നിവർ നൽകുന്ന ലൈഫ് സർട്ടിഫിക്കറ്റോ, ബയോമെട്രിക് സംവിധാനം വഴിയോ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, വിദേശത്ത് സ്ഥിര താമസമാക്കിയ സംസ്ഥാന പെൻഷൻകാർക്ക് വാർഷിക ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ നിലവിലില്ലാത്തതിനാൽ മേൽ ഉത്തരവു പ്രകാരമുള്ള സംവിധാനം ഇവർക്കുകൂടി ബാധകമാക്കുന്നതിന് കേരള ട്രഷറി കോഡ് ചട്ടം 280 (എ) - യിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താവുന്നതാണെന്ന് പരാമർശം (2) – ലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വിദേശത്ത് സ്ഥിര താമസമാക്കിയ സംസ്ഥാന സർവ്വീസ് പെൻഷൻകാർക്ക് നേരിട്ട് ഹാജരാകാതെ തന്നെ അവർ നിയോഗിക്കുന്ന അംഗീകൃത ഏജന്റ് ഹാജരാക്കുന്ന മജിസ്ട്രേറ്റ്, നോട്ടറി, ബാങ്കർ, നയതന്ത്ര പ്രതിനിധി എന്നിവർ നൽകുന്ന ലൈഫ് സർട്ടിഫിക്കറ്റോ, ബയോമെട്രിക് സംവിധാനം വഴിയോ

To
PM section
- for necessary action
12/4/19

ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ അനുമതി നൽകി ഉത്തരവ്വ പുറപ്പെട്ടുവിയ്ക്കുന്നു. കേരള ട്രഷറി കോഡ് ചട്ടം 280 (എ) - യിൽ ഇതിനാവശ്യമായ ഭേദഗതികൾ പിന്നീട് വരുത്തുന്നതായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ലക്ഷ്മി രഘുനാഥൻ**,
ധനകാര്യ ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ